


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

‘Little KITEs’ ITClubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming ‘Little KITEs IT Clubs’. Little KITEs is set to become the largest Student IT Network in the Country.

Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs`.

**Objectives of Little KITES programme**

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an oppertunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also to inculcate the importance of language computing.


കതിര്

താളുകളിൽ.........................................................................

## Table of Contents

Objectives of Little KITES programme..........................................................................1
സന്ദേശം...........................................................................................................................4
കവിത : വർഷം സാഹിറ എൻ 9B...................................................................................5
കവിത :സർഗവേളയിലെ മഴ ശിവാനി എൻ.കെ 9B......................................................6
ലേഖനം: 2018-ലെ വെള്ളപ്പൊക്കം...............................................................................7
ബളാൽ കൊയ്ത്തുത്സവം-കാഴ്ചകൾ.........................................................................9
ബളാൽ സ്കൂൾ ബസ്...........................................................................................10
സ്കൂളിന്റചരിത്റം.........................................................................................................11

# സന്ദേശം...................

പുതുതലമുറയ്ക്ക് ,സാങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനായി കുട്ടികളുടെ കൂട്ടയ്മയായ LIITTLE KITES ബളാൽ സ്ക്രൂളിലും നടത്തിവരുന്നു.ഈ കൂട്ടായ്മയുടെ സംരഭമായ ഡിജിറ്റൽ മാഗസിൻ നിർമ്മിച്ച് പ്റസിദ്ധീകരിക്കുന്നതിൽ സന്തോഷമറിയിക്കുന്നു.ആശംസകൾ അറിയിച്ചുകൊണ്ട്.........

(ഒപ്പ്)

ബാബുരാജൻ പി ( HM )

## കവിത : വർഷം സാഹിറ എൻ 9B

മഞ്ഞുരുകും വർഷമേ,എൻ കവിളിൽ തുകുമോ
ഉല്ലാസച്ചിരിയുടെ മിന്നും മിനുങ്ങി
താമരത്താരിതൾ പോൽ തുള്ളിതുള്ളാടി
ആകാശപ്പൊയ്കയിൽ ഉഷസ്സിൽ തുള്ളി
മിന്നാമിനുങ്ങേ ഓട്ടകയാണോ
നിൻകൂട്ടിലെത്താൻ
ഒരു കവിളിൽ ഒരു തുള്ളി നീ തരാമോ
തുള്ളിച്ചാട്ടം മഴയേ,തുള്ളി വെയില് തരാമോ



# കവിത :സർഗവേളയിലെ മഴ

ശിവാനി എൻ.കെ 9B

പേമഴയായി നീ പെയ്യുമ്പോഴും
മാരിമുകിൽ പോൽ ഞാൻ നില്ക്കും



## ലേഖനം: 2018-ലെ വെള്ളപ്പൊക്കം

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്.അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തെ അറിയിച്ചു. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.പ്രളയത്തേയും തൽഫലമായുണ്ടായ കെടുതികളെയും തുടർന്ന് കേരളത്തിന് ഏകദേശം 40,000 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക

വിലയിരുത്തൽ. വെള്ളപ്പൊക്കത്തെ തുടർന്ന് ലോകമെമ്പാടുമായി വിവിധ രാജ്യങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നുമായി നിരവധി സഹായ വാഗ്ദാനങ്ങളാണ് കേരളത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് വിദേശ സഹായങ്ങൾ സ്വീകരിക്കുന്നതിൽ വിമുഖത കാണിച്ചു.ഇത് രാജ്യമെമ്പാടുമായി കേന്ദ്ര ഗവൺമെന്റിനെതിരെ വലിയ വിമർശനങ്ങൾക്കൾക്ക് വഴിതെളിച്ചു.








# ബളാൽ കൊയ്ത്തുത്സവം-കാഴ്ചകൾ








# ബളാൽ സ്കൂൾ ബസ്



## സ്‌കൂളിന്റചരിത്രം

1954 ൽ ഒരു ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച ബളാൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്‌കൂൾ ഇന്ന് 1 മുതൽ 12 വരെ ക്ലാസ്സുകളുള്ള അക്കാദമികവും പാഠ്യേതരവുമായ നേട്ടങ്ങൾ കൊയ്യെടുക്കുന്ന ഒരു സരസ്വതീക്ഷേത്രമാണ്.

അരനൂറ്റാണ്ടിനപ്പുറത്ത് നിബിഡ വന പ്രദേശമായിരുന്ന ബളാൽ.ജനസാന്ദ്രതയും സാക്ഷരതയും തീരെക്കുറഞ്ഞ പ്രദേശം.അക്കാലത്ത് സൌത്ത് കാനറയുടെ ഭാഗമായിരുന്ന കണ്ണൂർ ഡിസ്ട്രിക്ട് ബോർഡാണ് ഒരു പ്രൈമറി വിദ്യാലയത്തിന് ബളാലിൽ അനുമതി നല്കിയത്.സ്‌കൂൾ അനുവദിച്ച ഉത്തരവുമായെത്തിയ ഉദ്യോഗസ്ഥൻ ബളാലിലെ ശ്രീ ജി.നാരായണൻ നായരെക്കണ്ട് കാര്യങ്ങൾ സംസാരിക്കുകയും സ്‌കൂളിനാവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള മാർഗങ്ങൾ ആരായുകയും ചെയ്തു.ജി.നാരായണൻ നായരാണ് മാലോം പട്ടേലർ എന്ന സി കുഞ്ഞിക്കണ്ണൻ നായരുമായി ബന്ധപ്പെട്ട് സ്‌കൂളിനു വേണ്ടി രണ്ടേക്കർ സ്ഥലം സൗജന്യമായി അദ്ദേഹത്തിൽ നിന്നു വാങ്ങിയെടുക്കാൻ മുൻകയ്യെടുത്തത്.അധികൃതരിൽ നിന്നു ലഭിച്ച ചെറിയ തുകയും നാട്ടുകാരിൽ നിന്നു പിരിച്ചെടുത്ത തുകയും മരങ്ങളും ഉപയോഗിച്ചാണ് സ്‌കൂളിന്റെ ആദ്യത്തെ കെട്ടിടം(ഇന്നത്തെ എൽ.പി.ഹാൾ)നിർമ്മിച്ചത്.1974 ൽ യു.പി.സ്‌കൂളായി ഉയർത്തപ്പെട്ടപ്പോഴും കെട്ടിടങ്ങളുടെയും ഫർണിച്ചറിൻറെയും കുറവ് നാട്ടുകാരിൽ നിന്നും പിരിച്ചെടുത്ത തുക കൊണ്ടാണ് നികത്തപ്പെട്ടത്.

1980 ൽ ദീർഘകാലത്തെ ശ്രമഫലമായി ഹൈസ്‌കൂളായി ഉയർത്തപ്പെട്ടപ്പോഴും ഭൗതിക സാഹചര്യങ്ങൾ സ്‌കൂളിനെ സംബന്ധിച്ചിടത്തോളം ഒട്ടും മെച്ചമായിരുന്നില്ല.ഹൈസ്‌കൂളായി ഉയർത്താൻ അധികമായി വേണ്ടിവന്ന ഒരേക്കർ സ്ഥലം സി കുഞ്ഞിക്കണ്ണൻ നായരുടെ പക്കൽ നിന്നു തന്നെ ചെറിയ തുകയ്ക്ക് ലഭ്യമാക്കിയത് നാട്ടുകാരുടെ

കൂട്ടായ്മയായിരുന്നു.സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനും ഫർണിച്ചറുകൾ ലഭ്യമാക്കാനുമുള്ള രചനാത്മക പ്രവർത്തനങ്ങൾക്കും മാതൃകാപരമായ സംഭാവനകളാണ് സുമനസ്സുകളായ നാട്ടുകാർ നൽകിയത്.

ഹൈസ്കൂളെന്ന നിലയിൽ പാഠ്യ പാഠ്യേതരരംഗങ്ങളിൽ മികവ് പുലർത്തിയതിന്റെ ഫലമായി2011ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹയർ സെക്കണ്ടറി വിഭാഗം അനുവദിച്ചു.സയൻസ്,ഹ്യൂമാനിറ്റീസ് ബാച്ചുകളുള്ള ഹയർ സെക്കണ്ടറി വിഭാഗം നല്ല നിലയിൽ പ്രവർത്തിക്കുന്നു.എങ്കിലും ഭൗതിക സൌകര്യങ്ങളുടെയും യാത്രാസൌകര്യത്തിന്റെയും മറ്റു കാര്യങ്ങളിൽ ഇനിയും നമ്മുടെ സ്കൂൾ വളരെയധികം മെച്ചപ്പെടേണ്ടിയിരിക്കുന്നു.അതിനായി നമ്മുടെ സ്കൂളിനെ സ്നേഹിക്കുന്ന നമ്മളോരോരുത്തരും കൈകോർക്കാം








## പിന്നിൽ പ്രവർത്തിച്ചവർ...........

അശ്വതി എം
ബിൻസി ബിന്ദു
രാഹുൽ ആർ
ആദർശ് ഇ ജി
ശ്രീക്കുട്ടി എ എച്ച്
അഞ്ജലി കെ
നന്ദന ആർ
ശ്യാം ശിവൻ
ശിവന്യ ബാബു
രെഖില പരമേശ്വരൻ
വീണ നാരായണൻ
മുഹമ്മദ് നിസ്മൽ എൽ കെ
ആര്യമോൾ സി
ശിവാനി എൻ കെ
നസ്രീന ടി പി
സബീന പി
സാഹിറ എൻ
റമീസ കെ കെ
മുബമ്മദ് അൽഫായിസ് എ


നന്ദി
ഡിജിറ്റൽ മാഗസിൻ നിർമ്മിക്കാൻ
ഞങ്ങളെ സഹായിച്ച എല്ലാവരോടും...............